# ജൈവ വൈവിധ്യത്തെ കുറിച്ചു തന്നെ

എസ്. ഖമറുദ്ദീൻ

"അല്ലാഹു സർവ ജീവജാലങ്ങളെയും ജലത്തിൽനിന്ന് സൃഷ്ടിച്ചു. അവയിൽ ചിലത് അതിന്റെ ഉദരത്തിന്മേൽ നടക്കുന്നു. ചിലതു രണ്ടുകാലുകളിൽ നടക്കുന്നു. ചിലത് നാലുകാലുകളിൽ നടക്കുന്നു. അവൻ ഇച്ഛിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു സകല കാര്യങ്ങൾക്കും കഴിവുള്ളവനല്ലോ" (*അന്നൂർ* 45)

**** **** ****

ഐക്യരാഷ്ട്രസഭ 2010 ജൈവവൈവിധ്യ വർഷമായി ആചരിക്കാൻ തീരുമാനിച്ചു. ഇപ്രാവശ്യത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ മുഖ്യപ്രമേയവും ജൈവവൈവിധ്യം തന്നെ. 'അനേകം ജീവജാതികൾ, ഒരു ഭൂമി, ഒരേയൊരു ഭാവി' എന്നതാണ് ഈ വർഷത്തെ മുദ്രാവാക്യം. ജൈവവൈവിധ്യം ചർച്ചാ വിധേയമാകുന്നത് ആദ്യമായല്ല. മുൻവർഷങ്ങളിലെ തലവാചകങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ഭൂമിയുടെ ആവാസത്തെക്കുറിച്ചും വൈവിധ്യങ്ങളെക്കുറിച്ചും പരാമർശമുണ്ട്. 'ഭൂമിക്കൊരു അവസരം തരൂ!' (2002) എന്ന് അപേക്ഷിച്ചപ്പോഴും, 'കടലും സമുദ്രങ്ങളും ആവശ്യമുണ്ട് – മൃതമായോ ജീവനോടെയോ' (2004) എന്നാവശ്യപ്പെട്ടപ്പോഴും 'ഭൂമിക്ക് വേണ്ടി ആസൂത്രണം ചെയ്യുക!' (2005) എന്നാഹ്വാനം ചെയ്തപ്പോഴും 'മഞ്ഞുരുക്കം ഒരു ചൂടുള്ള വിഷയ' (2007)മായി സംവദിച്ചപ്പോഴും 'ശീലങ്ങൾ മാറ്റൂ – കാർബൺ കുറഞ്ഞ ഒരു സമ്പദ് വ്യവസ്ഥയ്ക്കായി' (2008) എന്ന് ഉദ്ബോധിപ്പിച്ചപ്പോഴും 'നിങ്ങളുടെ ഗ്രഹം നിങ്ങളുടെ സാന്നിധ്യം ആഗ്രഹിക്കുന്നു: കാലാവസ്ഥാ വ്യതിയാനത്തിനെതിരെ ഒരുമിച്ച് പോരാടുക' (2009) എന്ന തീരുമാനത്തിലെത്തുമ്പോഴും ഒളിഞ്ഞോ തെളിഞ്ഞോ ജൈവവൈവിധ്യത്തിന്റെ സ്ഥിതിവിവരക്കണക്കും നമ്മെ പിന്തുടരുകയായിരുന്നു.

ഇപ്രാവശ്യത്തെ ആഘോഷങ്ങൾ കെങ്കേമമായി. ജൈവകലവറയായ റുവാണ്ടയിലെ കിഗാലിയെന്ന കറുത്തനഗരം സാധാരണപോലെ ലോക ആതിഥേയരായി. വൾക്കാനോസ് നാഷനൽ പാർക്കിൽ നടന്ന ആഘോഷങ്ങളിൽ ക്വിറ്റാ ഇസിനാ (Kwita Izina) എന്ന 'കുഞ്ഞുഗറില്ലകളുടെ പേരിടൽ' ചടങ്ങ് പുതുമയുള്ളതായി. നാടുനീങ്ങികൊണ്ടിരിക്കുന്ന ഗറില്ലകളെ സംരക്ഷിക്കാനുള്ള സന്ദേശം കിഗാലിയിൽ മുഴങ്ങി. കഴിഞ്ഞിട്ടില്ല, ലോകത്തിന്റെ വിവിധ നഗരങ്ങളിൽ ബഹുവിധങ്ങളായ ആഘോഷ പരിപാടികൾക്ക് യു.എൻ പരിസ്ഥിതി പ്രോഗ്രാം (UNEP) സംവിധാനമൊരുക്കിയിട്ടുണ്ട്.

മനുഷ്യന്റെ നിലനിൽപ് അപകടത്തിലാവുന്നുവെന്ന ആശങ്കയിൽനിന്നാണ് 'മനുഷ്യപരിസ്ഥിതി'യെന്ന വിഷയവുമായി ഐക്യരാഷ്ട്രസഭാ ജനറൽ അസംബ്ലി ലോകരാജ്യങ്ങളെ ഒരുമിച്ച് കൂട്ടിയത്. 1972 ജൂൺ 5 മുതൽ 16 വരെ സ്റ്റോക്ക്ഹോമിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഓർമപ്പെരുന്നാളാണ് ഇന്ന് ആഘോഷപൂർവം കൊണ്ടാടുന്ന ലോകപരിസ്ഥിതി ദിനം. പാരിസ്ഥിതിക ചിന്തകൾ പൊതുമണ്ഡലത്തിലേക്ക് കൊണ്ടുവരുന്നതിൽ ഈ ദിനാചരണങ്ങൾ ഒരുവേള വിജയിച്ചിട്ടുണ്ട്. എന്നാൽ, ശതകോടി ജീവജാലങ്ങളുടെ ഈ ആവാസ ഭൂമികയെ അത്ഭുതാദരവോടെ ഓരോ വർഷവും വിലയിരുത്തുമ്പോഴും വിധേയപ്പെടുന്ന ജൈവഗണത്തെ തരംതിരിച്ച് വർണപുസ്തകത്തിലെ സ്ഥിതിവിവരങ്ങളാക്കുമ്പോഴും പ്രശ്ന പരിഹാരമാകുന്നുണ്ടോ? സംശയമുണ്ട്, സന്ദേഹിക്കാൻ കാരണങ്ങൾ നമുക്കേറെയുണ്ട്.

കോപ്പൻ ഹേഗനിൽ, സുഖശീതളമായ പഞ്ചനക്ഷത്ര സമുച്ചയങ്ങളിൽ ഒത്തുചേർന്ന്, വിഭവസമൃദ്ധമായ ഭക്ഷണം കഴിച്ച്, വിലയേറിയ പാനീയങ്ങൾ കുടിച്ച്, ഒരു തീരുമാനവും തീർപ്പും ആകാതെ പിരിഞ്ഞുപോകാനാകുന്നതെന്തുകൊണ്ട്? ഇനിയും വികസിച്ചിട്ടില്ലെന്ന അപകർഷതാ ബോധമുള്ളവർക്ക്, 'വികസന ഭീമന്മാരെ' മാതൃകയാക്കി അതേ റൂട്ട് മാപ്പിൽ വികസിക്കണമെന്ന് മോഹം. വികസിച്ചവർക്ക് ഒന്നും കൈയൊഴിയാനാവില്ലെന്ന ധാർഷ്ട്യം. ഭൂമിക്ക് വേണ്ടിയും വനത്തിന് വേണ്ടിയും റിയോഡി ജനീറോയിൽ 'ഭൂമിസമ്മേളനം' നടത്തിയപ്പോഴും വികസിതരും വികസ്വരരും തമ്മിലുള്ള പടലപ്പിണക്കം നാം കണ്ടതാണ്. അവസാന ശ്വാസത്തിലും അവനവന്റെ താൽപര്യങ്ങൾക്ക് വേണ്ടി യുദ്ധം!

ഭൂമിയിലെ 99 ശതമാനം ജീവജാലങ്ങളും കൂട്ടവംശനാശത്തിലൂടെ (Mass extinction) കുലം മുടിഞ്ഞെന്ന് ചില ശാസ്ത്രചരിത്രകാരന്മാർ സിദ്ധാന്തിക്കുന്നു. പൊതുസമ്മതി നേടാത്ത ഈ സിദ്ധാന്തത്തിൽ, അഞ്ചു പ്രാവശ്യം ഈ കൂട്ടഹത്യകൾ നടന്നുവെന്നും ഏറ്റവും അവസാനത്തേത് അറുപത്തഞ്ച് മില്യൻ വർഷങ്ങൾക്ക് മുമ്പ് നടന്ന ക്രീറ്റേഷ്യൻ-ടെറിഷ്യറി വംശനാശമാണെന്നും അവകാശപ്പെടുന്നു. അവസാനത്തെ ഹത്യയിലാണത്രെ ദിനോസറെന്ന ഭീമാകാരന്മാർ നാടുനീങ്ങിയതെന്ന് അവർ അനുമാനിക്കുന്നു. മനുഷ്യന്റെ സാന്നിധ്യം തന്നെ ജൈവ വൈവിധ്യത്തിന്റെ മരണമണിയാണെന്ന് അവർ സന്ദേഹിക്കുന്നു. പുതിയ വംശനാശത്തെ ഹോളോസീൻ വംശനാശം (Holocene Extinction) എന്ന് വ്യവഹരിക്കുകയും ചെയ്യുന്നു. സിദ്ധാന്തങ്ങളെയും സന്ദേഹങ്ങളെയും നമുക്ക് അനുകൂലിക്കുകയോ പ്രതികൂലിക്കുകയോ ചെയ്യാം. പക്ഷേ, ജീവജാലങ്ങൾ ക്രമേണ ഒന്നൊന്നായി ഒടുങ്ങിപ്പോകുന്നുവെന്ന യാഥാർഥ്യത്തിൽ തർക്കത്തിന് വകയില്ല.

എന്തുകൊണ്ട് ജീവവംശങ്ങൾ കുറ്റിയറ്റുപോകുന്നു? സൂക്ഷ്മാവലോകനത്തിൽ നമുക്ക് അക്കമിട്ട് നിരത്തിവെക്കാൻ ഏറെ കാരണങ്ങളുണ്ട്. മനുഷ്യന്റെ ഇടപെടലുകൾ കരയിലും കടലിലും ഉണ്ടാക്കുന്ന 'ഫസാദി'നെക്കുറിച്ച്, യുദ്ധപശ്ചാത്തലത്തിൽ സൂറ *അർറൂമിൽ* പരാമർശിക്കുന്നത് കാണാം. അധികാരത്തിനും വിഭവങ്ങൾക്കും വേണ്ടിയുള്ള ഈ പടയോട്ടം ഒരു ജനിതക ഗുണം പോലെ മനുഷ്യകുലത്തിൽ ഇന്ന് പടർന്നുകൊണ്ടിരിക്കുന്നു. അത് ജീവിതശൈലിയുടെ പരിണാമത്തിൽ വമ്പിച്ച സ്വാധീനമാണ് ചെലുത്തിയത്. അങ്ങനെ അന്നത്തിനും ആവാസത്തിനും വേണ്ടി വേട്ടയാടിയും കൈയേറിയുമാണ് പല ജീവജാലങ്ങളെയും നശിപ്പിച്ചതെന്ന് ചരിത്രവും വർത്തമാനവും പറയുന്നു.

വിശന്നു വലഞ്ഞ പോർച്ചുഗീസുകാരന് ഇടത്താവളമൊരുക്കിയ മൗറീഷ്യസ് ദ്വീപ്, സഹജാത സൗഹൃദ ഭാവമുള്ള ഡോഡോ പക്ഷിയുടെ (Raphus cucullatus) രുചികരമായ ഭക്ഷണം കൂടി താലത്തിൽ വെച്ച് നീട്ടുകയായിരുന്നു. ഇത്തിരിപോന്ന ദ്വീപ് സമൂഹത്തിലെ അനുകൂല കാലാവസ്ഥയിൽ, പറക്കാനാവാത്ത അന്നനടയുമായി ചിണുങ്ങി നീങ്ങുന്ന ഈ അപൂർവ മരമണ്ടൻ പക്ഷി പോർച്ചുഗീസുകാരുടെ ജന്മനാട്ടിലും ഇഷ്ടവിഭവമായി. ആയിരത്തി അഞ്ഞൂറുകളിൽ ഭുജിച്ചു തുടങ്ങിയ ഡോഡോ മാംസം നൂറ്റമ്പത് വർഷം കഴിഞ്ഞപ്പോൾ (1507-1681) ഭക്ഷണപ്രിയർക്ക് അന്യമായി മാറി. പിന്നെ ഒന്നുമവശേഷിച്ചില്ല. ഡോഡോയുടെ ഓരം പറ്റി, ദഹനേന്ദ്രിയ വ്യൂഹത്തിലെ രാസക്രിയകളേറ്റുവാങ്ങി മാത്രം പുനർജനി നേടിയിരുന്ന തംബാകോ മരങ്ങൾ (Tambalacoque - Dodo tree)* കൂടി മൺമറഞ്ഞു തുടങ്ങുമ്പോഴാണ്, ജീവജാലങ്ങളിലെ ദൃശ്യവും അദൃശ്യവുമായ വലക്കണ്ണികളെ കുറിച്ച് നാം ബോധവാന്മാരാകുന്നത്. സൂക്ഷ്മമായ ഒരു ജീവി, സ്ഥൂലമായ ഒരു മഹാപ്രപഞ്ചത്തിന്റെ കണ്ണിയാണെന്ന വിസ്മയം.

പരിമിതമായ ഭൂപ്രകൃതിയിലെ അപൂർവതയാണ് ഈ ജൈവഹത്യക്ക് കാരണമെന്ന് ചിലരെങ്കിലും ധരിച്ചുപോകും. സഞ്ചാരി പ്രാവിന്റെ (Passenger Pigeon) കുലം മുടിഞ്ഞ കഥ അത്തരം കണക്കു കൂട്ടലുകൾ തെറ്റിക്കുന്നു. 1914 സെപ്റ്റംബർ ഒന്നിന്, ഉച്ചക്ക് ഒരു മണിക്ക് മാർത്തയെന്ന പക്ഷി ഓനിയോയിലെ സിൻസിനാറ്റി മൃഗശാലയിൽ വിറങ്ങലിച്ച മൃതശരീരമായി കണ്ടെത്തപ്പെടുമ്പോൾ മനുഷ്യക്രൂരതയുടെ മറ്റൊരു പ്രതീകം കൂടിയായി. അധിനിവേശവും അതിരറ്റ ഉപഭോഗവും എത്ര പെട്ടെന്നാണ് ജീവിവർഗങ്ങളെ തുടച്ചുനീക്കുന്നത്. കൊളംബസിന് പിന്നാലെ അമേരിക്കയിലെത്തിയ കുടിയേറ്റക്കാർ, കാർമേഘം പോലെ തണൽ വിരിച്ച് മണിക്കൂറുകളോളം സഞ്ചരിക്കുന്ന വർണങ്ങൾ ചാലിച്ച ചെറുപക്ഷികളെ കണ്ട് അൽഭുതം കൂറി. വെട്ടുകിളി കഴിഞ്ഞാൽ ഏറ്റവും വലിയ കൂട്ടങ്ങൾ! പുതിയ നാട്ടിലെ കൊതിയൂറുന്ന രുചിഭേദങ്ങൾ വേട്ടയുടെ പുതിയ തന്ത്രങ്ങൾ മെനയാൻ പ്രേരിപ്പിക്കുമ്പോഴും, തനതു വാസികളുടെ ആചാരാനുഷ്ഠാനങ്ങളോ 'റ്റബൂ'(taboo)കളോ അവർക്ക് തടസ്സമായി വർത്തിച്ചിട്ടില്ല. പിടിയിലായ പക്ഷിയുടെ കൺപോളകൾ നൂലു കോർത്തടച്ച്, കാലിൽ നീണ്ട ചരടുകെട്ടി, ഉയരങ്ങളിലേക്ക് പറക്കാൻ അനുവദിക്കും. കണ്ണിൽ കുത്തുന്ന ഘനാന്ധകാരത്തിൽ, പിന്നിലെ ചരടുവലിയിൽ വീണ്ടും താഴേക്ക് തലകുത്തി വീഴുമ്പോൾ ദൂരെ നിന്ന് ഒരു വലിയ കൂട്ടത്തെ നെയ്തുവെച്ച വലയിലേക്ക് അത് ആവാഹിച്ചിട്ടുണ്ടാവും. വിരൽകൊണ്ട് തലയോടുതകർത്ത് കൊന്ന്, കൂട്ടംകൂടി ആഘോഷപൂർവം തിന്നുതീർക്കുമ്പോൾ, ഇവ അന്യം നിന്നുപോകുമെന്ന് ആരും ഓർത്തിട്ടുണ്ടാവില്ല. നിയമങ്ങളും ചിലപ്പോൾ നിശബ്ദമായിപ്പോകാറുണ്ട്; വേട്ടക്കാർ തന്നെ നിയമനിർമാതാക്കൾ ആകുമ്പോൾ പ്രത്യേകിച്ചും.

ഉപഭോഗശീലത്തിന് നിറം കൊണ്ട് വകതിരിവുണ്ടാക്കാൻ പലരും ശ്രമിക്കാറുണ്ട്. ചുവപ്പ് കണ്ടാൽ അരുതെന്നും ഉപേക്ഷിക്കണമെന്നും പ്രമാണം. മഞ്ഞയോ ഓറഞ്ചോ കോഡായി വന്നാൽ രണ്ടുവട്ടം ആലോചിച്ചേ ഭോഗിക്കാവൂ. നല്ല മറുവഴികൾ കണ്ടെത്തുകയും ആവാം. പച്ചനിറം ശാന്തമായ മനസ്സോടെ ഉപയോഗിക്കാനുള്ള അനുവാദമാണ് (Sustainable sea food advisory list and certification). സ്വയം നിയന്ത്രിതമായ ഒരു ഉപഭോഗശൈലി വളർത്തിയെടുക്കുകയെന്നത് അനിവാര്യതയായി തീർന്നിരിക്കുന്നു.

പ്രകൃതിയോടുള്ള ചൂഷണ മനസ്സ് നമ്മുടെ നിലനിൽപിനെ അപകടപ്പെടുത്തുമെന്ന ചിന്ത കേവലം പുതുമയല്ല. മനുഷ്യകുലത്തിന് ഒരുക്കിത്തന്ന ഉത്തമവിഭവങ്ങൾ സസന്തോഷം ഉപഭോഗിച്ചു കൊള്ളാൻ അനുവദിക്കുമ്പോഴും ചില നിയന്ത്രണങ്ങൾ മുന്നോട്ടുവെക്കാൻ വിശുദ്ധ ഖുർആൻ തുനിയുന്നത് കാണാം. "തിന്നുകയും കുടിക്കുകയും ചെയ്യുക. അധിക ഉപഭോഗമരുത്" (*അഅ്റാഫ്* 31). ഇഹജീവിതത്തിലെ വിഭവ നിയന്ത്രണങ്ങൾക്ക് പകരം, സ്വർഗത്തിൽ യഥേഷ്ടം തിന്നുകയും കുടിക്കുകയും ചെയ്യാമെന്ന വാഗ്ദാനവും (*അൽഹാഖ* 24) ഖുർആൻ മുന്നോട്ടു വെക്കുന്നു. ഉപഭോഗനിയന്ത്രണങ്ങൾ, ഒരു സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയുടെ പ്രതീകമാകുന്നതും നിയന്ത്രണ രേഖകൾ ലംഘിച്ച് രുചിവൈവിധ്യത്തിനായുള്ള അന്വേഷണം 'ദില്ലത്തി'നും

(നിന്ദ്യത, ദൈന്യത, ദാരിദ്ര്യം) 'മസ്കനത്തി'നും (ദൈവകോപം) കാരണമാകുന്നതും ബനൂ ഇസ്രായേൽ അനുഭവപാഠത്തിലൂടെ (*അൽബഖറ* 60,61) ഖുർആൻ പങ്കു വെക്കുന്നതും നമുക്ക് കാണാം.

ഖുർആനിലെ ഈ നിയന്ത്രണം, നിരവധി തത്വചിന്തകരും പരിസ്ഥിതി സ്നേഹികളും വ്യത്യസ്ത സന്ദർഭത്തിൽ ശക്തമായി ഉയർത്തിയിട്ടുണ്ട്. ഹെൻട്രി ഡേവിഡ് തോറോ, വാൾഡൻ തടാകക്കരയിൽ ഏകാന്തജീവിതം നയിച്ച് നടത്തിയ നിരീക്ഷണങ്ങൾ Walden: Life in the woods (1854) എന്നപേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജീവിത ലാളിത്യത്തിനും സ്വയം പര്യാപ്തതക്കും വേണ്ടി തോറോ നടത്തിയ പരീക്ഷണങ്ങൾ, വികസിത ലോകത്തിന്റെ പുനർവായന തേടുന്നുണ്ട്. മഹാത്മാഗാന്ധി പോലും തന്റെ നിയമലംഘന പ്രസ്ഥാനം (civil disobedience) പോലുള്ള സമരപാഠങ്ങൾ തോറോയിൽ നിന്നാണ് പഠിച്ചത്. “ഭൂമിയിലെ വിഭവങ്ങൾ നമ്മുടെയെല്ലാം ആവശ്യങ്ങൾക്ക് മതിയാകും. എന്നാൽ ഒരാളുടെയും അത്യാർത്തിക്ക് മതിയാകില്ല”ന്ന യാഥാർഥ്യം നമുക്ക് പറഞ്ഞു തരാൻ അതിനാൽ ഗാന്ധിക്ക് കഴിഞ്ഞു.

ജീവലോകത്തിന്റെ വലിയൊരു ഒഴിച്ചുപോക്കിന് ഭൂമി തയാറെടുക്കുകയാണിപ്പോൾ. ആഗോള താപനമെന്ന് നാമതിന് പേരുവിളിക്കുന്നു. അന്തരീക്ഷ താപത്തിലെ നേരിയ വർധനവ് പോലും നിരവധി ജീവി വർഗങ്ങളുടെ നിലനിൽപ് അപകടത്തിലാക്കും. ലോല പരിസ്ഥിതി ആഗ്രഹിക്കുന്ന ഉഭയജീവികളും ചിത്രശലഭങ്ങളുമടക്കം ജീവിഗണങ്ങൾ നാശത്തിന്റെ വക്കിലാണ്. അവയാകട്ടെ ഭക്ഷണ ജാലികകളിലെ സുപ്രധാന കണ്ണികളും. നമ്മുടെ ഓരോ പ്രവർത്തനവും ജൈവികമാകട്ടെ, അജൈവികമാകട്ടെ, കാർഷികമാവട്ടെ, വ്യാവസായികമാവട്ടെ അതിന്റെ ആത്യന്തികഫലം കാർബൺ ബഹിർഗമനമാണ്. ഉപഭോഗം വർധിക്കുമ്പോൾ കാർബൺ പുറന്തള്ളുന്നതിന്റെ അളവ് കൂടുന്നു. കാർബൺ പാദമുദ്ര (carbon footprint) കളില്ലാത്ത ഒരു പ്രവർത്തനവുമില്ല. കാർബൺ മുദ്രകളുടെ തോത്, എത്ര ചുരുക്കാനാകുമോ അത് നിലനിൽപിന്റെ സൂചകങ്ങളായി മാറും. കാർബൺ മുദ്രകൾക്ക് ബദലായി കാർബൺ വാതകങ്ങൾ ആഗിരണം ചെയ്യുന്ന, അളവു ചുരുക്കുന്ന, കാർബൺ തോത് കുറഞ്ഞ പ്രവർത്തനങ്ങൾ 'അനുതാപമുദ്ര'കളാകും (compassionate footprint). അനുതാപം വളർത്തുന്നത് കൊണ്ടാണ് 'ആഗോളതാപനത്തിനു മരമാണ് മറുപടി'യെന്ന ആപ്തവാക്യത്തിൽ നാമെത്തുന്നത്.

അനുതാപമുദ്രകൾ വളർത്തുന്ന പ്രവർത്തനങ്ങളുടെ നിരവധി ഉദാഹരണങ്ങൾ പ്രവാചക പാരമ്പര്യത്തിലും ഇസ്‌ലാമിക സംസ്കാരത്തിലും നമുക്ക് കണ്ടെത്താനാകും. വിഭവങ്ങളുടെ നീതിപൂർവമായ പങ്കുവെക്കൽ ഇതിൽ വളരെ സുപ്രധാനമാണ്. സലമതുബ്നു അക്‌വാഇൽ, ഭക്ഷണം കുറയുകയും ദാരിദ്ര്യം വരുകയും ചെയ്ത ഒരു സന്ദർഭത്തിൽ പ്രവാചക സദസ്സിലെ അനുഭവം വിശദീകരിക്കുന്നു. തങ്ങളുടെ സമ്പാദ്യമായ ഒട്ടകങ്ങളെ അറുക്കാൻ അവർ പ്രവാചകനോട് അനുവാദം തേടി. ഒട്ടകങ്ങളെ അറുത്ത് കഴിഞ്ഞാൽ തുടർന്നുള്ള ജീവിതത്തെ ബാധിക്കുമെന്നതിനാൽ ഉമർ(റ) ഇടപെടുന്നു. നബിതന്നെ പ്രശ്നപരിഹാരം നിർദേശിക്കുന്നു. എല്ലാവരും ആവശ്യം കഴിഞ്ഞ് മിച്ചമുള്ള ഭക്ഷണം കൊണ്ടുവരാൻ നിർദേശിക്കുന്നു. ഭക്ഷ്യശേഖരത്തിൽ നിന്ന് മതിയാവോളം കൈകൾ കൊണ്ട് കോരിയെടുത്ത്, പങ്കുവെച്ച് തൃപ്തരാകുന്ന ചിത്രം (ബുഖാരി). മിച്ചമുള്ള ഭക്ഷണം പങ്കുവെച്ച് ഉപഭോഗം ക്രമീകരിക്കുന്നത് എത്ര സുന്ദരമായ അനുതാപമാണ്. “ഒരു സത്യവിശ്വാസി ഒരു വയറിനുള്ളതേ തിന്നൂ, എന്നാൽ സത്യനിഷേധി ഏഴ് വയറിനുള്ളത് തിന്നുമെന്ന്” പറഞ്ഞ്, അധിക ഉപഭോഗശീലം വിശ്വാസത്തെപ്പോലും ചോദ്യം ചെയ്യുമെന്ന പ്രവാചകപാഠവുമുണ്ട്. അബൂമൂസയിൽ നിന്ന് ഉദ്ധരിച്ച പ്രവാചക വചനം: “യുദ്ധവേളയിൽ ഭക്ഷ്യകമ്മി നേരിടുകയോ, മദീനയിലെ തങ്ങളുടെ കുടുംബങ്ങളുടെ ഭക്ഷ്യവിഭവം കുറയുകയോ ചെയ്യുമ്പോൾ തങ്ങളുടെ വശമുള്ള ആഹാരസാധനങ്ങളെല്ലാം ഒരു വസ്ത്രത്തിൽ ശേഖരിച്ച്, ഒരു അളവുപാത്രത്തിൽ അത് തുല്യമായി വീതിച്ചെടുക്കുക അശ്അർ ഗോത്രക്കാരുടെ രീതിയാണ്. അവർ എന്നിൽ പെട്ടവരും ഞാൻ അവരിൽ പെട്ടവനുമാണ്” (ബുഖാരി). മാലിന്യമായി ഉപേക്ഷിച്ച് തള്ളുന്ന, അധികവിഭവമായി കടലിൽ തള്ളുന്ന, ഒഴുക്കി കളയുന്ന ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്താൽ തന്നെ വിഭവചോർച്ചകളും ദാരിദ്ര്യവും തടയാനാകുമെന്ന നിരീക്ഷണത്തിലാണ് ഇത്തരം പങ്കുവെക്കലുകളുടെ പ്രാധാന്യം വർധിക്കുന്നത്.

ഇസ്‌ലാമിക സംസ്കാരത്തിലെ ഉദ്യാനശൈലിയിലെ 'ചാർഗാഹി'ന്റെ പ്രത്യേകത ജൈവവൈവിധ്യത്തിന്റെ സംരക്ഷണം കൂടി അതിൽ ഉൾച്ചേർത്തിരിക്കുന്നുവെന്നതാണ്. മരണത്തിന്റെ പ്രതീകമായി സൈപ്രസ് ചെടികളും (cipressus Sempervirens) പക്ഷികളെയും ജീവജാലങ്ങളെയും ഉദ്യാനത്തിലേക്ക് ആകർഷിച്ച് കൊണ്ടിരിക്കാൻ ജീവിതത്തിന്റെ പ്രതീകമായി ഫലവർഗ ചെടികളും അതിൽ വിന്യസിച്ചിരിക്കുന്നു. ഈ ഉദ്യാനശൈലി ജൈവവൈവിധ്യത്തിന്, അവയുടെ സംരക്ഷണത്തിന് നൽകുന്ന പ്രാധാന്യം, വിശുദ്ധ ഖുർആനെ അവലംബമാക്കി ഒരു ബൊട്ടാണിക്കൽ ഗാർഡൻ നിർമിക്കുന്ന പദ്ധതിക്ക് രൂപം നൽകാൻ UNESCOയെ പ്രേരിപ്പിച്ചിരിക്കുന്നു. യുനെസ്കോയുടെ ദോഹയിലെ ഓഫീസ് ശാസ്ത്രജ്ഞരെയും വാസ്തുശിൽപ വിദഗ്ധരെയും പരിസ്ഥിതി പ്രവർത്തകരെയും ഇസ്‌ലാമിക പണ്ഡിതരെയും കോർത്തിണക്കി പദ്ധതി പൂർത്തിയാക്കാനുള്ള തീവ്രശ്രമത്തിലാണ്. ഇത് ഇസ്‌ലാമിക സമൂഹത്തിന്റെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് കരുത്തേകുമെന്ന് പ്രതീക്ഷിക്കാം.

ജീവജാലങ്ങളുടെ നിലനിൽപിന്റെ ഭീഷണി വളരെ വലുതാണെന്ന് പരിസ്ഥിതി പ്രവർത്തകർ നമ്മെ ഓർമിപ്പിക്കുന്നു. ഹരിത ഗൃഹവാതകങ്ങളുടെ സാന്ദ്രത ഇനിയും കൂടിയാൽ ഒരുവേള മരങ്ങളുടെ കാർബൺ സ്വാംശീകരണത്തെയും തടയാമെന്നതിനാൽ, മരംകൊണ്ട് മാത്രം ആഗോളതാപനത്തെ തടയാനായെന്ന് വരില്ല. വികസന സങ്കൽപത്തിലും ജീവിതശീലങ്ങളിലും ഗണ്യമായൊരു തിരുത്താണ് നമ്മോടാവശ്യപ്പെടുന്നത്. രാഷ്ട്രീയ സാമ്പത്തിക താൽപര്യങ്ങൾക്കപ്പുറമുള്ള ഒരു നിലപാട് രൂപവത്കരിക്കാൻ ആർക്കാണാവോ തന്റേടമുണ്ടാവുക. ■

**kamarsubair@gmail.com**

* Sideroxylon grandiflorum എന്ന് ശാസ്ത്രീയ നാമം. പഴയ പേര് Calvaria major.